# ഗവൺമെന്റ് ഹൈസ്കൂൾ  കാപ്പിൽകാരാട്,




# അക്കാദമിക് മാസ്റ്റർ പ്ലാൻ  2025 - 26

## കാരാട് .(പി .ഒ ). 679339

ഇമെയിൽ : kappilkaradghs@gmail.com
ഫോൺ     : +919446505027

# വിദ്യാലയം സംബന്ധിക്കുന്ന അടിസ്ഥാനവിവരങ്ങൾ

## 2025 ജൂൺ 10 ലെ കണക്കു പ്രകാരം

| ക്ലാസ് | കുട്ടികളുടെ എണ്ണം | ഡിവിഷനുകളുടെ എണ്ണം |
|---|---|---|
| 1 | 23 | 1 |
| 2 | 32 | 1 |
| 3 | 22 | 1 |
| 4 | 36 | 1 |
| 5 | 39 | 2 |
| 6 | 46 | 2 |
| 7 | 66 | 2 |
| 8 | 57 | 2 |
| 9 | 46 | 2 |
| 10 | 56 | 1 |

# അക്കാദമിക് മാസ്റ്റർ പ്ലാൻ-ഹൈസ്കൂൾ, 2025-26

### മേഖല:അക്കാദമികം

### ഉപമേഖല:മലയാളം

### സ്കൂൾ:ജി.എച്ച്.എസ്. കാപ്പിൽ കാരാട്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൌതികം | ചുമതല |
|---|---|---|---|---|
| കുട്ടികളുലെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1.അക്ഷരകേളികൾ<br>2.അക്ഷര കാർഡ് നൽകൽ<br>3.അക്ഷരങ്ങൾ വാക്കുകളാവുന്ന വീഡിയോ പ്രദർശനം<br>4. അക്ഷരങ്ങൾ സ്റ്റിക്ക്നോട്ടിലഴുതി വാക്കുകൾ ഉണ്ടാക്കൽ<br>5.വാക്കുകൾ ചേർത്ത് പരിസരവുമായി ബന്ധപ്പെട്ട വാചകങ്ങൾ ഉണ്ടാക്കൽ.<br>6. അനുഭവക്കുറിപ്പ് എഴുതിക്കൽ<br>7. ഡയറി എഴുതിക്കൽ<br>8.ചിത്രങ്ങൾ വരച്ച് അടിക്കുറിപ്പ് നൽകൽ<br>9.ചിത്രങ്ങളിൽ നിന്നും കഥകൾ ഉണ്ടാക്കൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പിന്തുണാ ക്ലാസ്. | 2 മാസം | പുസ്തകങ്ങൾ<br>ചിത്രങ്ങൾ<br>ചാർട്ട്<br>വീഡിയോ<br>കളർ<br>പേപ്പറുകൾ | പി.ടി.എ<br>അധ്യാപകർ |
| 2.കുട്ടിയെ മികച്ച വായനയുള്ളവരാക്കി മാറ്റുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. വായനോത്സവം സംഘടിപ്പിക്കൽ<br>4. പത്ര വായന<br>5.പുസ്തക ചർച്ച<br>6. വായനാനുഭവം | | | |

| | | | | |
|---|---|---|---|---|
| | 7. വായനാ കുറിപ്പ് പതിപ്പ്<br>8. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>9.ദിനാചരണം<br>10.സാഹിത്യകാര ന്മാരുമായുള്ള അഭിമുഖം<br>11. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായനയും ചർച്ചയും<br>12.ഇ-വായന | | | |
| 3.കുട്ടികളിലെ രചനാപരമായ കഴിവുകളെ മെച്ചപ്പെടുത്തൽ | 1.എഴുത്തുകൂട്ടം രൂപീകരണം<br>2.പുസ്തക ചർച്ച<br>3.വായനക്കുറിപ്പ്. പതിപ്പ്<br>4. കയ്യെഴുത്ത് മാഗസിൻ<br>5. ചുമർ പത്രിക, പതിപ്പ്<br>6. വ്യക്തിഗത രചന<br>6. സംഘ രചന<br>7. ഭാഷ പ്രോജക്ട്<br>8. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>9.സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി. | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ ഫോട്ടോകൾ ചിത്രങ്ങൾ | പി.ടി.എ അധ്യാപകർ |
| 4.കുട്ടിയെ ക്ലാസ്മുറിയിലും പൊതുവായും അവതരണമികവുള്ള വരാക്കുക | 1.പ്രസംഗ പരിശീലനം<br>2. പുസ്തക ചർച്ച<br>3. കവിതാലാപന സദസ്സ്<br>4. കലാക്കൂട്ടായ്മ | 6 മാസം | 1.ഓഡിയോ വീഡിയോ | ട്രൈനർ അധ്യാപകർ |

അക്കാദമിക് മാസ്റ്റർ പ്ലാൻ -UP, HS 2025- 26

മേഖല- അക്കാദമികം ഉപമേഖല- സംസ്കൃതം

GHS KAPPILKARAD

| ലക്ഷ്യം | | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം | ക്ലാസ് ഇതര പ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| * എല്ലാ കുട്ടികളെയും ഭാഷാപഠന തൽപരരാക്കുന്നു.<br><br>* അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്കനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളും പഠനരീതികളും സ്വീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങൾ, ചിത്രങ്ങൾ, വീഡിയോ | അദ്ധ്യാപിക | അനുരൂപീകരണ തലം , സഹപാടികളുടെ പിന്തുണ പഠന പ്രവർത്തനങ്ങളിൽ സഹായിക്കൽ, ഗ്രൂപ്പ് തല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തൽ |
| വായനാവാരത്തോട് ബന്ധപ്പെടുത്തിയുള്ള ക്ലാസ് തല പ്രവർത്തനം | അധ്യാപകൻ ഒരു പുസ്തകം പരിചയപ്പെടുത്തി അവലോകനം പറയുന്നു. വായനാമത്സര | | | | |
| സാഹിത്യാഭിരുചി വളർത്താൻ ഉള്ള പ്രവർത്തനങ്ങൾ | കുട്ടികൾ പുസ്തകാവലോകനം തയ്യാറാക്കുന്നു. | | | | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകൽ. | പ്രശ്നോത്തരി, മാഗസിൻ,കഥ, കവിത ഉപന്യാസം എന്നിവക്കുള്ള പരിശീലനം | | | | |
| സംസ്കൃത ദിനാചരണം സ്കൂൾതല മത്സരങ്ങൾ നടത്തി സബ്ബ് ജില്ലാ തലത്തിൽ പങ്കെടുപ്പിക്കൽ | ഔപചാരിക ക്ലബ്ബ് രൂപീകരണം , സംസ്കൃത സന്ദേശം ഒരു പ്രമുഖ വ്യക്തിയുടെ ക്ലാസ് , സംസ്കൃത | | | | |

| | | | | | |
|---|---|---|---|---|---|
| | പ്രാർത്ഥന, സംസ്കൃത ദിന പോസ്റ്റർ പ്രദർശനം , വന്ദേമാതരം ആലാപനം | | | | |
| ഭാഷാ പഠനം കലാ പരിചയം | കലോത്സവത്തിനായി കുട്ടികളെ കണ്ടെത്തി കലാ രൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു, ഭാഷാ പ്രാധാന്യം കണക്കിലെടുത്ത് കഥാ , കവിത, ഉപന്യാസം, പ്രസംഗം,സമസ്യയ , സിദ്ധ രൂപം, എന്നിങ്ങന പ്രതേകം സജ്ജരാക്കുന്നു | | ചിത്രങ്ങൾ, വീഡിയോ | | സബ്ജില്ലസാ , ജില്ലാ മത്സരാർത്ഥികൾക്ക് സമ്മാനം നൽകുന്നു |
| പഠന യാത്ര | പാഠ ഭാഗവുമായി ബന്ധപ്പെട്ട ഏതങ്കിലും ഒരു സ്ഥലം സന്ദർശനം | | | | |
| മത്സര പരീക്ഷകൾക്കുള്ള പ്രതേക പരിശീലനം | രായണ പ്രശനോത്തരി, സംസ്കൃത പ്രശ്നോത്തരി, യു എസ് .എസ്, സംസ്കൃത സ്കോളർഷിപ്പ് പരിശീലനം, പത്താം ക്ലാസ് വിദ്ധ്യാർത്ഥികൾക്ക് പ്രീ മോഡൽ, മോഡൽ ,എസ്. എസ്. എൽ. സി പരീക്ഷാ പരിശീലനം | | | | |

# GHS കാപ്പിൽ കാരാട്

## അക്കാദമിക് മാസ്റ്റർ പ്ലാൻ (അറബിക്) 2025-2026

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന: കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരൻ ആക്കുക. | അറബിക് ലൈബ്രറി ശാക്തീകരണം അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു പുതിയ അറബിക് ശേഖരിക്കുന്നു കഥകൾ കവിതകൾ ചിത്രകഥകൾ വായനാ കോർണർ സ്ഥാപിക്കുന്നു. | ജൂൺ – നവംബർ | അറബിക് ടീച്ചർ, പൂർവവിദ്യാർത്ഥികൾ, മറ്റ് അധ്യാപകർ, സ്പോൺസർഷിപ്പ്. | |
| എഴുത്ത്: എഴുതാനുള്ള കഴിവ് വികസിപ്പിക്കുക. | കുട്ടികളുടെ കഥകളും കവിതകളും ചിത്രങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. | നവംബർ – ഡിസംബർ | അറബിക് ടീച്ചർ | |
| അറിവ്: അറബിയിൽ കൂടുതൽ അറിവ് നേടുക, കഥകളും കവിതകളും നോവലുകളും വായിക്കുന്നത് ഒരു ശീലമാക്കുക. പദസമ്പത്ത് വർദ്ധിപ്പിക്കുക. | മാസാന്ത ക്വിസ് സംഘടിപ്പിക്കുക. | എല്ലാമാസവും | അറബിക് ടീച്ചർ | |

| | | | | |
|---|---|---|---|---|
| പ്രതിഭകളെ കണ്ടെത്തൽ | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു | ജനുവരി | അറബിക് ടീച്ചർ | |
| ദിനാചരണങ്ങളെ കുറിച്ചുള്ള അവബോധം ഉണ്ടാക്കൽ | ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു അനുബന്ധ അറബി പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു | ഡിസംബർ | അറബിക് ടീച്ചർ | |
| ആസ്വാദനം | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്ത ി കഥ കവിത അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | നവംബർ | അറബിക് ടീച്ചർ | |
| അറബിക് ലാംഗ്വേജ് ലാബ് | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുന്നു | ഡിസംബർ | അറബിക് ടീച്ചർ, സ്പോൺസർഷിപ്പ്. | |
| അറബിക് ഫസ്റ്റ്: അറബി ഭാഷയെക്കുറിച്ച് കൂടുതൽ അറിയാനും അറബി ഭാഷ പഠിക്കാനുള്ള താല്പര്യം ഉണ്ടാക്കുക. | അറബി ഭാഷയെ കൂടുതൽ അറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | ഡിസംബർ | അറബിക് ടീച്ചർ, സ്പോൺസർഷിപ്പ്. | |

<u>Academic Master Plan 2025-2026 – HS ENGLISH</u>

GHS KAPPILKARAD

| Objectives | Activities | Period | In-charge | financial analysis |
|---|---|---|---|---|
| 1. Enable students to conduct discussions effectively in English.<br><br>2. Provide opportunities for students to present their English skills.<br><br>3. Encourage independent reading and foster a habit of reading among students. | Spoken English Class<br>English Library<br>English Story Time<br>Wall magazine<br><br>Profile & Script<br>Students are introduced to the profiles and scripts of English cinema and documentaries.<br><br>Role Play, English Day Celebration, Seminar<br>Children present the creations of famous English writers through role play, choreography, and skits during celebrations.<br><br>School English Voice<br>placards, and vocabulary cards are prepared.<br>Creative and simple activities like Public Speaking, Simply Games, English Quiz, Debate, Anchoring, and News | Assignments / Projects<br><br>Class and related activities – Session<br><br>Assembly<br><br>Class and related activities – Session<br><br>Class and related activities, Assembly | Teachers<br><br>English Teacher<br><br>Teachers, SRG<br><br>SRG Teachers<br><br>English club | PTA English club |

| | | | | |
|---|---|---|---|---|
| 4. Dramatizatio n (Theatre/Dra ma activities)<br><br>: 5. Encourage poetic expression and appreciation of poetic beauty.<br><br>6. Encourage students to use the English language for academic purposes.<br><br>7. Promote conversation skills. | Reading Competitions are organized.<br><br>English Assembly, Skit,and Puppet Show<br>Students are provided opportunities to participate in Puppet Shows, Skits, and assembly<br><br>Radio station<br>English audio hearing improvement programme.<br><br>Poetry, story writing competitions are conducted.<br>Annual English day celebrations are held.<br><br>Book Reviews<br><br>Students' magazine publication.<br><br>English fest, English film viewing programmes.<br><br>Native Speakers/writers are invited occasionally to hold conversation sessions. | Class activities<br><br>Vacation, festivals<br><br>Two assessmen ts in a year<br><br>Vacation (Onam, Christmas)<br><br>Festivals / Vacation<br><br>One annual assessmen t | English club<br><br>. P.T.A, SRG, Teacher s<br><br>. P.T.A, SRG, Teacher s | |

# <u>അക്കാദമിക മാസ്റ്റർ പ്ലാൻ ഹിന്ദി 2025-26</u>

## <u>പൊതുവായ ലക്ഷ്യങ്ങൾ</u>

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും ഉള്ള കഴിവ് വളർത്തിയെടുക്കുക
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക
- ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തി എടുക്കുക
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു

**എട്ടാം തരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻപരിശീലിപ്പിക്കുന്നു ഉച്ചാരണം പരിചയപ്പെടുത്തുന്നുഅക്ഷരങ്ങൾ എഴുതാനുംവായിക്കാനുംകണ്ടെത്താനുംപഠിപ്പിക്കുന്നു | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്ന ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു | ഹ്രസ്വം ജൂൺ-ജൂലൈ |
| ആഴ്ചയുടെ പേരുകൾഅക്കങ്ങൾഎന്നിവ പരിചയപ്പെടുത്തുന്നു | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനത്തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു വർക്ക് ഷീറ്റുകൾ നൽകുന്നു ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | മധ്യം ഓഗസ്റ്റ്-സെപ്റ്റംബർ |
| ഹിന്ദി അനായാസംഎഴുതുവാനുംവായിക്കുവാനുംപരിശീലിപ്പിക്കുന്നുവായനാ പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു കാർട്ടൂൺ ചിത്രകഥഎന്നിവ വായിച്ച്ആശയം അവതരിപ്പിക്കുവാൻകഴിയുന്നു | കേട്ടെഴുത്ത് പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു ചിത്രകഥ കാർട്ടൂൺ ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു | ദീർഘം ഡിസമ്പർ-ജനുവരി |

## ഒമ്പതാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് സീറ്റുകൾ നൽകുന്നു ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു | ഹ്രസ്വം<br>ജൂൺ-ജൂലൈ |
| നാമം സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കുന്നു.വാക്യഘടന പരിചയപ്പെടുത്തുന്നു.ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു അതിൽനിന്നും സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു കവിത കഥ പൂരിപ്പിക്കുവാൻ നൽകുന്നു സൂചന ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു | മധ്യം<br>ഓഗസ്റ്റ്-സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാൻ അറിയുന്നു | പോസ്റ്ററിന്റെ മോഡൽ നൽകുന്നു വിവിധ വിഷയങ്ങൾ നൽകുന്നു ക്ലാസ്സിൽ പ്രദർശിപ്പിച്ച മൂല്യനിർണയം നടത്തുന്നു ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുവാൻ പറയുന്നു | ദീർഘം<br>ഡിസമ്പർ-നവംബർ |

# പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു | നാടകം വേദിയിൽ അവതരിപ്പിക്കുന്നു സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു | ഹ്രസ്വം ജൂൺ-ജൂലൈ |
| സാഹിത്യ അഭിരുചി വളർത്തുക ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു | പദ്യം ചൊല്ല ൽ,കഥ,കവിത,പോസ്ററർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്ററ്-സെപ്ററംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നു കഥയെ തിരക്കഥയായി മാറ്റുവാൻ അറിയുന്നു സ്വഭാവസവിശേഷതകൾ മേൽ കുറിപ്പ് തയ്യാറാക്കുവാൻ അറിയുന്നു ഡയറി എഴുതുവാൻ അറിയുന്നു | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറുപ്പ് തയ്യാറാക്കുവാൻ പറയുന്നു എല്ലാദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു | ദീർഘം നവംബർ-ജനുവരി |

# G H S KAPPILKARAD

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### സാമൂഹ്യ ശാസ്ത്രം



# പൊതുലക്ഷ്യങ്ങൾ

- *സാമൂഹ്യശാസ്ത്രവിഷയം കൂടുതൽ ശാസ്ത്രീയമാക്കുക .*
- *കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠനനേട്ടങ്ങളും എല്ലാ കുട്ടികളും അർജിക്കുക .*
- *സാമൂഹ്യചിന്ത, സാമൂഹ്യബോധം, സാമൂഹ്യശാസ്ത്രവിശകലനശേഷി, ആന്വേഷണത്വര, എന്നിവ എല്ലാ കുട്ടികളിലും ആർജിക്കുക .*
- *സാമൂഹ്യശാസ്ത്രപഠനത്തിൽ ഐ സി റ്റി സാധ്യത പ്രയോജനപ്പെടുത്തുക .*
- *പഠനം കൂടുതൽ തനിമയുള്ളതാക്കുക .*
- *മതേതര ജനാധിപത്യബോധം വികസിപ്പിക്കൽ .*
- *ചരിത്രശേഷിപ്പുകൾ നശിപ്പിക്കാതെ വരും തലമുറയ്ക്ക് കൈമാറുക .*
- *പൊതു വിജ്ഞാനത്തിനു ഊന്നൽ നൽകുക .*
- *പ്രാദേശിക ചരിത്രാവബോധം വളർത്തുക .*
- *പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്ര പഠനം കാര്യക്ഷമമാക്കുക .*
- *ക്ലബ് പ്രവർത്തനത്തിലൂടെ സാമൂഹ്യ അവബോധം വളർത്തുക .*

# മേഖല - ഹൈസ്കൂൾ -സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക. | നിശ്ചിത തീയ്യതികളിൽ. | സാമൂഹ്യശാസ്ത്ര അധ്യാപകൻ. | സ്കൂൾ പിടിഎ രക്ഷിതാക്കൾ. |
| ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റുക,പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്,മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവക്കായുള്ള പ്രവർത്തനങ്ങൾ നടത്തുക. | അക്കാദമിക് വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ. | സാമൂഹ്യശാസ്ത്ര അധ്യാപകൻ. | സുമനസ്സുകൾ. |
| സാമൂഹ്യശാസ്ത്ര-ത്തിൽ പരീക്ഷണം നിരീക്ഷണം വളർത്തുക. | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുക .ആകാശ കഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുക. | വർഷം മുഴുവനും. | സാമൂഹ്യശാസ്ത്ര അധ്യാപകൻ. | സ്കൂൾ പിടിഎ, സുമനസ്സുകൾ. |
| മതേതരത്വം ,സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക . | സർവ്വേ ,പ്രൊജക്റ്റ്, ചർച്ചകൾ,സംവാദം ,ക്ലാസുകൾ,അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക് വർഷം മുഴുവൻ. | സാമൂഹ്യശാസ്ത്ര അധ്യാപകൻ. | സ്കൂൾ പിടിഎ, സുമനസ്സുകൾ. |
| ഭൂപട വായന കുട്ടികളിൽ വളർത്തുക ,സ്ഥല | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു | അക്കാദമിക് വർഷം മുഴുവൻ. | സാമൂഹ്യശാസ്ത്ര അധ്യാപകൻ. | സ്കൂൾ പിടിഎ, സുമനസ്സുകൾ. |

| | | | | |
|---|---|---|---|---|
| നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു അറ്റ്‌ലസ് മാപ്പുകൾ ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | | | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | പൊതു വിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ ദിനാചരണങ്ങൾ സംവാദം എന്നിവ നടത്തുന്നു. | അക്കാദമിക് വർഷം മുഴുവൻ. | സാമൂഹ്യശാസ്ത്ര അധ്യാപകൻ. | സ്കൂൾ പിടിസ്കൂ പിടിഎ, സുമനസ്സുകൾ. |
| വ്യത്യസ്ത മണ്ണിനങ്ങൾ ,ജലാശയങ്ങൾ ,കാറ്റുകൾ , സമുദ്രങ്ങൾ ,പർവതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക. | കണ്ടും ,കേട്ടും അനുഭവിച്ചറിഞ്ഞും പഠനം രസകരമാക്കുക . | അക്കാദമിക് വർഷം മുഴുവൻ. | സാമൂഹ്യശാസ്ത്ര അധ്യാപകൻ. | സ്കൂൾ പിടിഎ, സുമനസ്സുകൾ. |

# ACADEMIC MASTER PLAN – MATHEMATICS

## 2025-26

**Learn Math, Live Math, Love Math**

## Vision

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

## Mission

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.

- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തന ങ്ങൾ സംയോജിപ്പിക്കുക.

- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാ ചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ്– ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് – ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>• Weekly Maths Joutnal പ്രസിദ്ധീകരിക്കുന്നു.<br>• Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ഗണിതക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gobra ൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>• Maths Pazzle Day സംഘടിപ്പിക്കുക (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without '0' the world is nothing, Write a letter to zero)<br>• Nov-4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

HOD
Maths Department

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 2026
# ബയോളജി

| Sl.No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക | സ്കൂളും പരിസരം പ്ലാസ്റ്റിക്ക് വിമുക്തമാക്കൽ ശരിയായ മാലിന്യ സംസ്കരണ ം അവബോധ ക്ലാസുകളും ക്രമീകരണങ്ങളും നടത്തൽ | അക്കാദമിക വർഷം | പരിസ്ഥിതി ക്ലബ്ബ് | ക്ലബ്ബ് ഫണ്ട് |
| 2 | ഗ്രീൻ ക്യാമ്പസ് പദ്ധതി | വൃക്ഷത്തെ നടീൽ ഔഷധത്തോട്ടം ഒരുക്കൽ പച്ചക്കറിതൈ വിതരണം. പ്രകൃതി പഠനക്യാമ്പിൽ കുട്ടികളെ പങ്കെടുപ്പിക്കൽ | അക്കാദമിക വർഷം | പരിസ്ഥിതി ക്ലബ്ബ് | ക്ലബ്ബ് ഫണ്ട് |
| 3 | നല്ല ആരോഗ്യശീലങ്ങൾ വളർത്തി എടുക്കുക.നല്ല ആരോഗ്യശീലങ്ങൾ വളർത്തി എടുക്കുക | വ്യക്തിശുചിത്വം, മഴക്കാല രോഗങ്ങൾ-മുൻകരുതൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ | ജൂൺ-ആഗസ്റ്റ് | ഹെൽത്ത് ക്ലബ്ബ് | |
| 4 | . ലഹരി വിമുക്ത വിദ്യാലയം | ലഹരി വിരുദ്ധ പ്രതിജ്ഞ,ക്ലാസ് . വീഡിയോ പ്രദർശന ം | ജൂൺ-ജൂലൈ | വിമുക്തി ക്ലബ്ബ് | |
| 5 | കൗമാര കാലഘട്ടത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് | സ്കൂൾ കൗൺസിലറിന്റെ സഹായത്തോടെ കൗൺസിലിംഗ് ക്ലാസ് സംഘടിപ്പിക്കൽ | ജൂൺ-ഫെബ്രുവരി | ടീൻസ് ക്ലബ്ബ് | ക്ലബ്ബ് ഫണ്ട് |
| 6 | ശാസ്ത്രാഭിരുചി വളർത്തുന്നതിന് | ക്ലാസ് തല പ്രവർത്തനം, ക്വിസ്, സെമിനാർ, ശാസ്ത്ര മേളയിൽ കുട്ടികളെ പങ്കെടുപ്പിക്കൽ | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| 7 | ഭിന്നശേഷി ക്കാരുടെ അഭിരുചി വളർത്തൽ . | ചിത്ര ശേഖരണം, പെയിന്റിംഗ് | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ, സ്പെഷ്യൽ എഡ്യൂ ക്കേറ്റർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ -ഫിസിക്കൽ സയൻസ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| എല്ലാ കുട്ടികളിലും ശാസ്ത്രപഠനത്തിലൂടെ മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാനശേഷികൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക. | • പ്രീ-ടെസ്റ്റ് ചോദ്യനിർമാണം,ടെസ്റ്റ്,മൂല്യനിർണ്ണയം.<br>• പരിഹാരബോധനത്തിനായി പഠന ഗ്രൂപ്പിംഗ്,ആസൂത്രണം<br>• ആശയധാരണകൾ ഉറപ്പിക്കൽ.<br>• പഠന പിന്നോക്കാവസ്ഥയുള്ളവർക്ക് പിന്തുണാക്ലാസ് നൽകുക. |
| ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയമനോഭാവമുള്ളവരുമാക്കുക. | • സയൻക്ലബ്ബ് രൂപീകരണവും പ്രവർത്തനപദ്ധതി തയ്യാറാക്കലും. |
| സ്കൂൾ ശാസ്ത്രലാബിന്റെ നവീകരണം | • വിവിധ ഉപകരണങ്ങൾ,ചാർട്ടുകൾ,മോഡലുകൾ,പ്രവർത്തനമാതൃകകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ<br>• ക്ലാസുകളിലേക്ക് എളുപ്പം കൊണ്ടുപോകാവുന്ന മൊബൈൽ ലാബ് കിറ്റ്. |
| ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും ശാസ്ത്രാഭിരുചി വളർത്താനും ശാസ്ത്രോത്സവം. | • സ്കൂൾ ശാസ്ത്രമേള<br>• ലഘുപരീക്ഷണങ്ങളുടെ നിർവഹണം<br>• ശാസ്ത്രക്വിസ്<br>• മോഡൽ നിർമാണം. |
| പ്രയാസമേറിയ ശാസ്ത്രപാഠങ്ങൾ മനസ്സിലാകാനുതകുന്ന വർക്കുഷീറ്റുകൾ തയ്യാറാക്കൽ | • ഭിന്ന നിലവാരക്കാർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേകം വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു.<br>• സ്വയം ചെയ്യൽ,ഗ്രൂപ്പിൽ ചെയ്യൽ |
| ശാസ്ത്രപഠനം രസകരമാക്കാനും ശാസ്ത്രതത്പരതയുണർത്താനും | • ശാസ്ത്രദിനാചരണങ്ങൾ<br>• ശാസ്ത്രപതിപ്പുകൾ തയ്യാറാക്കൽ |
| ശാസ്ത്രപ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽക്കൂട്ടാക്കി മാറ്റൽ | • പ്രതിഭകൾക്ക് പ്രത്യേക പരിശീലനം(NMMS) |
| ശാസ്ത്രപഠനത്തിന് ICT സാധ്യതകൾ | • പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ,വീഡിയോകൾ,ആനിമേഷൻ എന്നിവ ശേഖരിച്ച് പാഠാവതരണത്തിനും ആശയവിനിമയത്തിനുമായി ഉപയോഗിക്കൽ |
| ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | • LED Bulb നിർമാണം. |